റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന പ്രദേശമാണ് പാലക്കാട്. അവിടത്തെ ജനങ്ങൾക്ക് നികുതിയിളവും മറ്റ് സഹായങ്ങളും നൽകണം എന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളത്. കഴിയുന്നിടത്തോളം ഗവൺമെൻറ് അത് പരിഗണിക്കാം. ഇത്തരത്തിൽ കഠിനമായ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം കളക്ടറുടെ റിപ്പോർട്ട് കിട്ടിയാൽ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതാണ്. അങ്ങനെ പ്രഖ്യാപിക്കുകയാണെങ്കിൽ നബാർഡിൽനിന്നും മീഡിയം ടേം ലോണുകളെല്ലാം ഷോർട്ട് ടേം ലോണുകളാക്കി മാറ്റിക്കിട്ടുന്നതിന് കഴിയും. ഏതായാലും അത് പരിശോധിച്ച് നടപടി സ്വീകരിക്കാം. നികുതി പിരിവിനെ സംബന്ധിച്ച്, ഗവൺമെൻറിന് കിട്ടാനുള്ള കുടിശ്ശികയെ സംബന്ധിച്ച് വളരെ സൗമനസ്യപൂർവ്വമായ നിലപാട് സ്വീകരിക്കാം. കഴിയുന്നിടത്തോളം ഈസി ഇൻസ്റ്റാൾമെൻറ് കൊടുക്കാൻ നോക്കാം. സാധാരണഗതിയിൽത്തന്നെ ഈസി ഇൻസ്റ്റാൾമെൻറ് കൊടുക്കുന്നുണ്ട്, ഇതിന് പ്രത്യേകമായ പരിഗണന നൽകാം. അതുപോലെതന്നെ കുടിവെള്ളം കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇനിയും താൽപ്പര്യത്തോടുകൂടി മുൻഗണന കൊടുത്ത് നടപടി സ്വീകരിക്കാം. അവിടത്തെ കുഴൽകിണറുകളുടെ ആഴം കൂട്ടുന്നതിനും നന്നാക്കുന്നതിനും വേണ്ടി പതിനായിരം രൂപാ വീതം ഓരോ കിണറുകൾക്കും കൊടുക്കുവാൻ ജില്ലാകളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതാണ്ട് 300 കുഴൽ കിണറുകൾ അവിടെ കേടായി കിടക്കുകയാണ്. അതുപോലെതന്നെ ലോറിയിൽ വെള്ളം കൊടുക്കാനുള്ള ഏർപ്പാടുകളും ചെയ്യുന്നുണ്ട്. കേരള സംസ്ഥാനത്തുള്ള ഏതു പ്രദേശത്താണോ കൂടുതലായി വരൾച്ച ഉണ്ടായിട്ടുള്ളത് ആ പ്രദേശത്തിന് ഗവൺമെൻറ് പ്രത്യേക പരിഗണന നൽകുന്നതാണ്.

(2) വക്കീൽ ഗുമസ്തൻമാർക്ക് ക്ഷേമനിധിയും പെൻഷനും

ശ്രീ. തമ്പാനൂർ രവി: സർ, പല തവണ ഈ സഭയിൽ ഉന്നയിച്ച കാര്യം ബഹുമാന്യനായ നിയമവകുപ്പുമന്ത്രിയുടെ മുൻപാകെ ഞാൻ വീണ്ടും അവതരിപ്പിക്കുകയാണ്. കേരളത്തിൽ ദീർഘകാലം നിയമവകുപ്പുമന്ത്രിയായിരുന്ന ആളാണല്ലോ അദ്ദേഹം. ബഹുമാന്യനായ സഭാദ്ധ്യക്ഷനും എം.എൽ.എ. ആയിരുന്ന സമയത്ത് ഇക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്, കേരളത്തിലെ വക്കീൽ ഗുമസ്തൻമാരായി ജോലി നോക്കിയിരുന്ന ആയിരകണക്കിന് ആളുകൾ അവരുടെ ഏക സംഘടനയായ കേരള അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ മുഖാന്തിരം പെൻഷൻ നടപ്പിലാക്കണമെന്നാവശ്യം നിരവധി വർഷങ്ങളായി ഉന്നയിക്കുകയാണ്. സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കാത്തവിധം ഈ പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള ഒരു കരട് രൂപരേഖ അവരുടെ സംഘടന ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. വക്കീൽഗുമസ്തൻമാരുടെ സേവനം ജുഡീഷ്യറിയുടെ സുഗമമായ പ്രവർത്തനത്തിന് സഹായകരവും പൊതുജനങ്ങൾക്ക് അവരുടെ പ്രവൃത്തി ഒരു സേവനവുമാണ്. ഇവർ ചെയ്യുന്ന

10 a. m.]

LIBRARY ARCHIVES Kerala Legislative Assembly

ജോലിക്ക് തുച്ഛമായ തുകയാണ് കക്ഷിയിൽനിന്നും ലഭിക്കുന്നത്. പ്രായാധിക്യത്താൽ ജോലി ചെയ്യാൻ കഴിയാതെവരുന്ന അവസരത്തിൽ, നിത്യവൃത്തിക്കുപോലും നിവൃത്തിയില്ലാതെ ദുരിതവും കഷ്ടപ്പാടും അവർ അനുഭവിക്കുകയാണ്. പല മേഖലകളിലും പെൻഷൻ ക്ഷേമ പദ്ധതികൾ അനുവദിച്ചിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. ഈ ഗവൺമെൻറിനു യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാത്ത ഈ പ്രശ്നം സജീവമായി പരിഗണിക്കണം. 60 വയസ്സുകഴിഞ്ഞ, ജോലി ചെയ്യാൻ കഴിയാതെ കഷ്ടതയനുഭവിക്കുന്ന ആളുകൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കണം. ഉടനെ ഇത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഒരു കമ്മീഷനെയെങ്കിലും നിയമിച്ച് സജീവമായി ഇത് പരിഗണിക്കണമെന്ന് ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അങ്ങയുടെ വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. അഭിഭാഷകവൃത്തിയുടെ ഒരു ഭാഗമാണ് വക്കീൽഗുമസ്തൻമാരെന്ന് ഞാൻ കരുതുകയാണ്. അഭിഭാഷകർക്കു ക്ഷേമനിധി ഏർപ്പെടുത്തിയപ്പോൾ വക്കീൽഗുമസ്തൻമാർക്കുകൂടി ക്ഷേമനിധി വേണമെന്നുള്ള ഒരഭിപ്രായം ഗവൺമെൻറിനുണ്ടായിരുന്നു. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ആണ് (1-1-1985-ൽ) വക്കീൽഗുമസ്തൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത് എന്നുള്ളത് എനിക്ക് സന്തോഷമുള്ള കാര്യമാണ്. 10,000 രൂപ കിട്ടത്തക്കവിധമുള്ള ഒരു ക്ഷേമനിധിയായിരുന്നു അത്. അതിനു ഗവൺമെൻറ് 90 രൂപ നൽകുകയും വക്കീൽഗുമസ്തൻമാർ രണ്ടു ഗഡുക്കളായിട്ട് 60 രൂപ നൽകുകയും ചെയ്യുന്നു. അങ്ങനെ ഗഡുക്കളായി അടച്ചുതീർത്ത് 30 വർഷം ജോലി ചെയ്തു റിട്ടയറാകുമ്പോൾ, അതല്ലെങ്കിൽ 60 വയസ് കഴിയുമ്പോൾ 10,000 രൂപ കിട്ടുന്നു. ഇതാണ് നിലവിലുള്ള ക്ഷേമനിധി. പക്ഷേ അത് ചെറുതാണ്. ഒന്നുകിൽ ആ ക്ഷേമനിധിയുടെ വലിപ്പം കൂട്ടുകയോ, അതല്ലെങ്കിൽ അവർക്കെന്തെങ്കിലും ഒരു പെൻഷൻ സ്കീം കൊണ്ടുവരികയോ ചെയ്യുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ചിരുന്നു. പക്ഷേ പല സാങ്കേതിക കാരണങ്ങളാൽ ഇതിനോടകം അതു കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. തീർച്ചയായും ഗവൺമെൻറ് അക്കാര്യത്തെ സംബന്ധിച്ച് അനുഭാവപൂർവ്വം പരിഗണിക്കാം, അതിനു വേണ്ട നടപടികൾ സ്വീകരിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാരോട് ഒരു കാര്യം എനിക്ക് പറയുവാനുണ്ട്. നമ്മുടെ ഇന്നത്തെ പരിപാടിയനുസരിച്ച് 10 മുതൽ 10.30 വരെ ഗവൺമെൻറ് ഡിസ്ക്ഷനാണ്. ഒരു ചെറിയ ബിൽ ഉണ്ട്. 10.30 മുതൽ 12.30 വരെയാണ് സമയം. നമ്മുടെ മെമ്പർമാരുടെ വികാരം കണക്കിലെടുത്തുകൊണ്ടുതന്നെയാണ് നോൺ-ഒഫീഷ്യൽ ബിസിനസ് നടത്തുന്നത്. സബ്മിഷൻ കുറച്ചുകൂടിയുണ്ട്. യഥാർത്ഥത്തിൽ പറഞ്ഞാൽ സബ്മിഷനും നോൺ-ഒഫീഷ്യൽ ബിസിനസാണ്. അതുകൊണ്ട് നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ സബ്മിഷൻറെ സമയംകൂടി നോൺ-ഒഫീഷ്യൽ ബിസിനസിൻറെ സമയത്തിൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കും, അല്ലെങ്കിൽ സബ്മിഷൻ ഇവിടെ നിർത്തേണ്ടിവരും.

ശ്രീ. എം. എം. ഹസൻ: സർ, നോൺ-ഒഫീഷ്യൽ ബിസിനസ്സിനു അലോട്ടു ചെയ്തിട്ടുള്ള സമയം സബ്മിഷനു കൊടുക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഏതായാലും സമയം ചുരുക്കാനായിട്ട് ആവശ്യപ്പെടാമെന്നുള്ളതല്ലാതെ സബ്മിഷൻ അംഗീകരിച്ചതിനുശേഷം അതിവിടെ അവസാനിപ്പിക്കണമെന്നു പറഞ്ഞാൽ പറ്റില്ല.

മി. സ്പീക്കർ: 10 മുതൽ 10.30 വരെ ഗവൺമെന്റ് ബിസിനസ്സിൽ ഒരു ചെറിയ ബില്ലുണ്ട്. അതിന് സാങ്കേതിക തടസ്സം പറയരുത്. അതിനുള്ള സമയം പ്രൊവൈഡ് ചെയ്യണമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

(3) 220 കെ. വി. ലൈൻ വലിക്കുന്നതിന് മുറിച്ചുമാറ്റിയ കൃഷി അനുഭവങ്ങൾക്ക് നഷ്ടപരിഹാരം.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: സർ, തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ 220 കെ.വി. ലൈൻ വലിച്ചതിന്റെ ഭാഗമായി ചില കൃഷിക്കാരുടെ കൈവശാവകാശത്തിലുള്ള വൃക്ഷങ്ങളൊക്കെ മുറിച്ചു മാറ്റിയിട്ട് 2 കൊല്ലമായി. അതുതന്നെ കൃഷിക്കാർക്ക് അന്ന് തടസ്സം ആയിരുന്നു. വില നിശ്ചയിക്കാതെ മരം മുറിക്കാൻ സമ്മതിക്കില്ല എന്നു പറഞ്ഞ് തർക്കമായപ്പോൾ അന്ന് കളക്ടറുടെകൂടി നിർദ്ദേശാനുസരണം ഞാനും ഇടപെട്ടിട്ടാണ് ആ മരം മുറിക്കാൻ സമ്മതിച്ചത്. രണ്ടു കൊല്ലമായിട്ടും എത്രയാണ് സംഖ്യ നിശ്ചയിച്ചത്, എന്താണതിന്റെ വില എന്നതു സംബന്ധിച്ച് യാതൊരു വിവരവും ആ കൃഷിക്കാർക്ക് കിട്ടിയിട്ടില്ല. അതുകൊണ്ട് അതിന്റെ കാശ് അടിയന്തിരമായി കൊടുക്കണം. ഇനിമേലിൽ മരം കൊത്തുന്നതിനു മുൻപ് വില കണക്കാക്കണം, എന്നിട്ട് മരം കൊത്തണം. ഇങ്ങനെ ഒരു ഭേദഗതി വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, 220 കെ.വി. ലൈൻ വലിക്കുന്ന കാര്യം അദ്ദേഹം പറഞ്ഞ ഭാഗത്ത് നടക്കുന്നുണ്ട്. ലോകബാങ്കിന്റെ സഹായത്തോടുകൂടി ഇത്തരം ലൈനുകളുടെ പ്രവർത്തനങ്ങൾ കേരളത്തിലാകമാനം നടന്നുവരുന്നു. ഈ ലൈനുകളുടെ പ്രവർത്തനങ്ങൾക്ക് ലോകബാങ്കിന്റെ സഹായമുണ്ട്. പക്ഷേ നഷ്ടപരിഹാരത്തുക കൊടുക്കേണ്ടത് കെ.എസ്.ഇ.ബി.-യിൽ നിന്നുമാണ്. സാമ്പത്തിക ബുദ്ധിമുട്ടുകളാണ് ചില സന്ദർഭങ്ങളിൽ ഇതിന് കാലതാമസം ഉണ്ടാക്കുന്നത്. അതോടൊപ്പംതന്നെ. ഇതിന്റെ അസസ്മെന്റ് കിട്ടാനുള്ള സമയമെടുക്കുന്നുണ്ട്. തുക നിശ്ചയിക്കുന്ന കാര്യത്തിൽ കാലതാമസം എത്ര ഒഴിവാക്കാൻ വിചാരിച്ചാലും സാദ്ധ്യമല്ലാത്ത ഒരു നിലയിലേക്കുവരുന്നു, എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കഴിയുന്നിടത്തോളം നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly